# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 29/01/2016

(18 RABIUL AAKHIR 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## "THE ADVENT OF PROPHETS TO SAVE THE MUHAMMADAN UMMAH (PBUH) " / മുഹമ്മദ് (സ) ന്റെ ഉമ്മത്തിനെ രക്ഷിക്കുവാൻ പ്രവാചകന്മാരുടെ ആഗമനം.

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം മുഹമ്മദ് (സ) ന്റെ ഉമ്മത്തിനെ രക്ഷിക്കുവാൻ പ്രവാചകന്മാരുടെ ആഗമനം എന്ന വിഷയത്തെ ആസ്പദമാക്കി ഖുത്തുബ നടത്തുകയുണ്ടായി.

**മുഹമ്മദ് (സ) ന്റെ ഉമ്മത്തിനെ രക്ഷിക്കുവാൻ പ്രവാചകന്മാരുടെ ആഗമനം : –**

പുതിയ നിയമങ്ങൾ കൊണ്ടുവരാത്ത പ്രവാചകന്മാരുടെ ആഗമനം മുഹമ്മദ് (സ) ന്റെ ഉമ്മത്തിൽ ഉണ്ടാകുന്നതിന്റെ പ്രധാന കാരണം, ഇസ്ലാം നിലവിൽ വന്നിട്ടുള്ളത് മുഴുലോകത്തിനും വേണ്ടിയാണ്; അത് മുഴു ലോകത്തിലും എത്തിക്കേണ്ടത് നിർബന്ധമായ കാര്യവുമാണ്. ഈ പ്രധാന കാര്യ നിർവ്വഹണത്തിനായി രണ്ട് പ്രധാനപ്പെട്ട ക്രമീകരണങ്ങൾ ആവശ്യമാണ്.

1. മുസ്ലീംകളുടെ ആന്തരിക സംസ്ക്കരണം ( അതായത് ഇസ്ലാമിലുള്ള അവരുടെ വിശ്വാസം ശക്തിപ്പെടുത്തൽ)

2. ലോകം മുഴുവൻ ഇസ്ലാമിനെ വ്യാവിപ്പിക്കുക എന്നതാണ്. ഈ രണ്ട് കാര്യങ്ങൾ നല്ല അച്ചടക്കം കൂടാതെ നേടാവതല്ല. അതിന് ഒരു നേതാവ്, ഒരു ഇമാം അനിവാര്യമാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) ഈ അച്ചടക്കത്തെപ്പറ്റി പറയുന്നത് കാണുക **"നല്ലതിൽ നിന്നും ചീത്തയെ (ഉത്തമൻമാരിൽ നിന്ന് അധമന്മാരെ) വേർതിരിക്കുന്നതുവരെ, നിങ്ങൾ ഇപ്പോഴുള്ള സ്ഥിതിയിൽ അല്ലാഹു വിശ്വാസികളെ വിട്ടുകളയുകയില്ലതന്നെ. അദൃശ്യകാര്യങ്ങൾ അല്ലാഹു നിങ്ങൾക്ക് വെളിപ്പെടുത്തി തരുകയുമില്ല. പക്ഷെ അല്ലാഹു തന്റെ ദൂതന്മാരിൽ നിന്ന് താൻ ഇച്ഛിക്കുന്നവരെ അവൻ തെരഞ്ഞെടുക്കുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. നിങ്ങൾ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നതായാൽ നിങ്ങൾക്ക് മഹത്തായ പ്രതിഫലമുണ്ടായിരിക്കും."** (3:180)

ഇവിടെ വിശ്വാസികളോട് പറഞ്ഞിരിക്കുന്നത് അല്ലയോ വിശ്വാസികളാണെന്ന് അവകാശപ്പെടുന്നവരെ, നല്ലതും ചീത്തയും തമ്മിൽ ഒരു വ്യത്യാസവും ഇല്ലാത്തിടത്തോളം നിങ്ങൾ ഇത് രണ്ടിനുമിടയിലായിരിക്കും; അതിൻ ഫലമായി ഇസ്ലാമിന്റെ ശക്തി ക്ഷയിക്കും. ഇത്തരം ഒരു സാഹചര്യം അല്ലാഹു ഇഷ്ടപ്പെടുന്നില്ല. നിശ്ചയമായും അല്ലാഹു ഒരു പ്രവാചകനെ നിയോഗിക്കും. നല്ലതും ചീത്തയും വേർതിരിക്കുവാൻ. അല്ലാഹുവിന് മാത്രമറിയാവുന്ന കാര്യമാണ്. ആരാണ് നല്ലവൻ, ആരാണ് നല്ലവനല്ലാത്തത് എന്നത്. എങ്ങനെയാണ് ഇവരെ വേർതിരിക്കേണ്ടതെന്ന് അല്ലാഹുവിന് മാത്രമറിയാവുന്ന കാര്യവുമാണ്. അവൻ സ്വാത്വികനായ ഒരു മുസ്ലീമിനെ ഈ വിഭജനം നടത്തുവാനായി തെരഞ്ഞെടുക്കുന്നു. അതുകൊണ്ട് അല്ലയോ വിശ്വാസികളെ ! നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. മറിച്ച് ഒരു പ്രവാചകൻ വരുന്നില്ലെങ്കിൽ, അല്ലാഹു (ത) ഹസ്രത് മുഹമ്മദ് (സ) ൽ വിശ്വസിക്കുന്ന വിശ്വാസികളോട് എന്തിനാണ് പറഞ്ഞത് (നല്ലതും ചീത്തയും) നന്മയും തിന്മയും തമ്മിൽ യാതൊരു വ്യത്യാസവുമില്ലാത്ത ഒരു സമയം വരുന്നതാണ്, അപ്പോൾ അവൻ ഒരു പ്രവാചകനെ അയക്കുന്നതാണ്. ആ പ്രവാകനിൽ വിശ്വസിക്കുവാനുള്ള കൽപന എന്തിനാണ് അല്ലാഹു നൽകിയത് ? നാം ഭയപ്പെടേണ്ട കാര്യമാണിത്/ സ്വയം സംസ്ക്കരിക്കേണ്ടതുമല്ലേ ?

ചിന്തിക്കുന്ന ആളുകൾക്ക് ഇതിൽ കാര്യമുണ്ട് !

**ഇതിനെപ്പറ്റി കൂടുതലായി ചിന്തിക്കുക:-**

ഈ നൂറ്റാണ്ടിൽ ഭൂമുഖത്ത് കോടിക്കണക്കിനു മുസ്ലീങ്ങളുണ്ട്. അവർക്ക് ഭരണകൂടങ്ങളുണ്ട്. ധനമുണ്ട്. പണ്ഡിതൻമാരുണ്ട്. ഇതെല്ലാമുണ്ടെങ്കിലും, ഇസ്ലാമിന്റെ പ്രതിച്ഛായ മെച്ചപ്പെടുത്തുവാനും വ്യാവിപ്പിക്കുവാനും സത്യത്തിൽ ഒന്നും ചെയ്യുന്നില്ല. അപഖ്യാതി വാരി എറിയുന്ന മറ്റു രാഷ്ട്രങ്ങളോട് ഒന്നും പറയുന്നില്ല. ഇസ്ലാം യഥാർത്ഥത്തിൽ എന്താണ് എന്ന് അവർക്ക് ഒരു മറുപടിയും കൊടുക്കുന്നില്ല. അത് യഥാർത്ഥത്തിൽ എന്തിന് വേണ്ടിയാണ് നിലകൊള്ളുന്നത് എന്നും വ്യക്തമാക്കുന്നില്ല. മറിച്ച് ഇസ്ലാം ദിവസം കഴിയുന്തോറും ക്ഷയിച്ചു ക്ഷയിച്ചു വരുന്നു. ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ ചവിട്ടി തേയ്ക്കുകയാണ്. മുസ്ലീങ്ങൾ എന്ന് പറയുന്നവർ ഇസ്ലാമിന്റെ പേരിൽ ആചരിക്കുന്ന കാര്യങ്ങൾ, ഇസ്ലാമിന് മോശമായ പ്രതിച്ഛായയാണ് നൽകുന്നത്. മാത്രമല്ല ഭീകരവാദം പ്രബോധിക്കുന്ന മതമാണ് ഇസ്ലാം എന്ന് ആരോപിക്കുകയും ചെയ്യുന്നു. മുസ്ലീങ്ങൾ എന്ന് സ്വയം പറയപ്പെടുന്ന ഈ ആളുകൾ ഇസ്ലാമിന്റെ കൽപനകളെ ഭൂമിയിലേക്ക് വലിച്ചെറിഞ്ഞു. പരിപൂർണ്ണ ഇസ്ലാം മതത്തിന് മറ്റുള്ള ലോക മതങ്ങളുടെ മുമ്പിൽ മൊത്തത്തിൽ മോശം പ്രതിച്ഛായ നൽകുകയാണ് ചെയ്യുന്നത്.

ഒരു കാര്യം വ്യക്തമാണ്, ഇസ്ലാം പ്രബോധിക്കുന്നതിന്, ഗവൺമെന്റിന്റേയോ, ധനത്തിന്റെയോ, എണ്ണത്തിന്റെയോ വലിയ അത്യാവശ്യമൊന്നുമില്ല. പിന്നെ വേണ്ടത് സ്വാത്വികതയും വിശ്വാസവുമാണ്. മറുവശത്ത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഈ ഭാരമേറിയ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുകയാണ്. ഞങ്ങൾക്കു പിന്നിൽ വലിയ പ്രതിപക്ഷമുണ്ടെങ്കിലും, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം സ്ഥിരോത്സാഹത്തോടെ ഇസ്ലാമിന്റെ സന്ദേശം ലോകമെങ്ങും വ്യാവിപ്പിക്കുകയാണ്. ഭൗതിക ധനകാര്യത്തിൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, ഇപ്പോൾ ശോച്യാവസ്ഥയിലാണ്; അംഗങ്ങളും കുറവാണ്. എന്നാൽ ഇതിനെ എതിർക്കുന്നവർ, ഞങ്ങൾ ലോകത്ത് ചെയ്തുകൊണ്ടിരിക്കുന്ന ജോലികൾക്ക് ഭംഗം വരുത്തുവാൻ കഴിയുകയില്ല. എന്തുകൊണ്ട് ? കാര്യം നിസ്സാരമാണ്, അതായത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്, ദൈവം തെരഞ്ഞെടുത്ത, ദൈവത്തിന്റെ ഒരു ഖലീഫയുണ്ട് ! ഈ നൂറ്റാണ്ടിലെ ഇമാം

ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളുടെ ഹൃദയങ്ങളിൽ ഈമാനും സ്വാത്വികതയും നിറഞ്ഞിരിക്കുകയാണ്. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളനുസരിച്ച് ജീവിക്കുവാൻ അവർ പരിശ്രമിക്കുന്നു. അവരുടെ ധനവും ജീവിതവും ഇസ്ലാമിക മിഷനുവേണ്ടി ത്യാഗം ചെയ്യുന്നു. അല്ലാഹു അവർക്കായി തെരഞ്ഞെടുത്ത ദൈവീക നേതാവിന്റെ മാർഗ്ഗദർശനമനുസരിച്ച് അവരുടെ എല്ലാ പ്രവർത്തനങ്ങളും തിരിച്ചു വിടുന്നു. അവർ തികഞ്ഞ അച്ചടക്കത്തോടെ ജോലി ചെയ്യുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ദൗത്യ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന ജമാഅത്താണ് ഇതെന്ന് അവർ ദൃഢമായി വിശ്വസിക്കുന്നു. ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്‌യെ അംഗീകരിച്ചവരെ അല്ലാഹു (ത) നിശ്ചയമായും അനുഗ്രഹിച്ചിരിക്കുന്നു എന്നവർ വിശ്വസിക്കുന്നു. ഈ ഭാഗ്യവാന്മാർ (ഖലീഫത്തുല്ലാഹ്‌യുടെ അനുയായികൾ) ഇതിലും ശക്തിയായി പ്രവർത്തി തുടരുന്നതാണ്. ഈ സത്യത്തിൽ കൂടുതൽ ആളുകൾ വന്നുചേരുന്നതാണ്. അല്ലാഹു (ത) അവർക്ക് മാർഗ്ഗദർശനം നൽകുന്നതാണ്. ഇസ്ലാമിന്റെ സന്ദേശം ഭൂമിയിലുടനീളം വ്യാവിപ്പിക്കുന്നതാണ്. ദൈവീക അനുഗ്രഹത്താൽ അവർ അല്ലാഹുവിന്റെ ഖലീഫയെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തിരിക്കുകയാണ്. മുസ്ലീങ്ങൾ ഒരിക്കൽക്കൂടി ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതാണ്. ഭയരഹിതമായി, തടസ്സങ്ങളൊന്നുമില്ലാതെ ! ഏകനായ അല്ലാഹുവിനെ മാത്രം ! ദൈവീക വാഗ്ദാനമനുസരിച്ച്, അല്ലാഹുവിന്റെ ഖലീഫ, എല്ലാവരെയും ഇസ്ലാമിലേക്ക് ക്ഷണിക്കുന്ന കാര്യത്തിൽ വിജയിക്കുക തന്നെ ചെയ്യും. അല്ലാഹു (ത) അവന്റെ ഖലീഫയെപ്പറ്റി ഇപ്രകാരം പറയുന്നു. **"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ, തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാർ ആക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിന് ശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്, എന്നോട് മറ്റൊന്നിനെയും അവർ പങ്കുചേർക്കുകയില്ല. അതിന്ശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിലും അവർ തന്നെയാണ് ധിക്കാരികൾ" 24:56**

എന്റെ മുസ്ലീം സഹോദരിമാരെ, സഹോദരന്മാരെ ! പ്രാർത്ഥിക്കുക, ജാഗ്രത കൈക്കൊള്ളുക. ഇസ്ലാം ഇന്ന് ദുർബലമായിരിക്കുകയാണ്. നിങ്ങളും നിങ്ങളുടെ കുട്ടികളും ഇസ്ലാമിൽ നിന്നും വളരെ വിദൂരതയിലാണ്. ഈ വിശ്വാസം, ഈ ദൃഢ വിശ്വാസം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ അനുചരന്മാരുടെ ഹൃദയങ്ങളിൽ ഒരിക്കൽ ഉണ്ടായിരുന്ന വിശ്വാസം, അതിന്ന് എവിടെ പോയി ? നമുക്ക് അതേ വിശ്വാസമാണ് ആവശ്യം, അതേ ഐക്യമാണ് ആവശ്യം! ഒരൊറ്റ വാക്കിനാൽ, അല്ലാഹുവിന്റെ ഖലീഫയുടെ ഒരൊറ്റ വാക്കിനാൽ, ആ ഇസ്ലാം ഭൂമിയിൽ വീണ്ടും പെട്ടെന്ന് വ്യാവിക്കണം. ഇന്ന് മുസ്ലീങ്ങൾ ദുർബലരാണ്. നിരീശ്വരത്ത്വത്തിന്റെയും മതഭ്രംശത്തിന്റെയും കൊടുങ്കാറ്റ് അവരെ തുടച്ച് നീക്കുമെന്ന് ഭയപ്പെടുന്നു. അല്ലാഹു (ത) അവന്റെ വാഗ്ദാനം ഇപ്പോൾ പാലിച്ചില്ലെങ്കിൽ പിന്നെ എപ്പോളാണ് അത് പാലിക്കുക ?

അല്ലാഹു (ത) എപ്പോഴും അവന്റെ വാക്ക് പാലിക്കുന്നവനാണ്. ഈ നൂറ്റാണ്ടിൽ ഒരു മുഹ്‌യിദ്ദീനെ, അതെ ഒരു ഖലീഫത്തുല്ലാഹ്‌യെ അയച്ചുകൊണ്ട് അവൻ നിങ്ങളോട് ചെയ്ത അവന്റെ വാക്ക് പാലിച്ചു. ഉലമാക്കളെ അവരുടെ ബിദ് അത്തുമായി നിങ്ങൾ ഉപേക്ഷിക്കുക. പ്രവാചകന്മാർ വരുന്ന വാതിലുകൾ അവർ അടച്ചുകളഞ്ഞു. ദൈവീക വെളിപാടുകളുടെ വാതിലുകളും അടച്ചു. എന്നാൽ മാത്രമേ അവരുടെ ബിദ്അത്തുകളുടെ വാതിലുകൾ തുറക്കുവാൻ കഴിയുകയുള്ളൂ (ഖാത്തം/തവ്ഈൗള് / മൗലിദ് തുടങ്ങിയവ) ജനങ്ങളെ ഖുർആൻ പഠനത്തിൽ നിന്നും അകറ്റി നിർത്തിയിരിക്കുകയാണ് ; എന്നിട്ട് ജനങ്ങളെ ഉലമാക്കളുടെ ആകർഷണവലയത്തിലാക്കിയിരിക്കുകയാണ്. ദുഷിച്ച ഉലമാക്കൾ ദൈവദൂതനോട് വെറുപ്പു പുലർത്തുന്നവരാണ്. എന്നാൽ നിങ്ങൾ, നിങ്ങളുടെ കണ്ണുകൾ തുറക്കണം. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞിട്ടില്ലേ ? **"അവരുടെ ഉലമാക്കൾ ആകാശത്തിൻ കീഴിലെ ഏറ്റവും നികൃഷ്ട ജീവികളായിരിക്കും"** അവരെ ഒറ്റയ്ക്ക് അവരുടെ വഴിക്ക് വിട്ടേക്കു! ഇസ്ലാമിനെ പ്രബോധിക്കുവാൻ ഞങ്ങളോടൊപ്പം വന്നുചേരുക, നമ്മുടെ പ്രിയ പ്രവാചകന്റെ സന്ദേശം ഭൂമിയിൽ വിജയിക്കുവാനായി ! എന്റെ സഹോദരി സഹോദരന്മാരെ! നുബുൂവ്വത്ത് എന്നും നിലനിൽക്കുന്നതാണ്. അത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) മായി ബന്ധിതമാണ്. പരിപൂർണ്ണതയിലും ഖാത്തമിയ്യത്തിലുമാണ് ആ സൗന്ദര്യം! പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ വിശ്വസ്തരായ അനുയായികളിൽ നിന്നുള്ള പ്രവാചകന്മാരെ നിശ്ചയമായും അല്ലാഹു (ത) വിധിനാൾ വരേക്കും നിശ്ചിത സമയങ്ങളിൽ നിയോഗിച്ചുകൊണ്ടിരിക്കും. ഇത് നിർത്തുവാൻ ആർക്കും കഴിയുകയില്ല. അല്ലാഹുവിൽ നിന്നുള്ള ഒരനുഗ്രഹമാണിത്. അവൻ വാഗ്ദാനം ചെയ്തതുമാണ്. അവന്റെ വാഗ്ദാനം അവൻ സദാ പാലിക്കുന്നതാണ്. മതങ്ങളെ എപ്പോഴും പുതുക്കി പണിയുന്നത് അല്ലാഹു (ത) ആകുന്നു, അല്ലാഹു (ത) ഒരു പ്രവാചകനെ അയക്കുന്നു. അഥവാ ഒരു പരിഷ്ക്കർത്താവിനെ നിയോഗിക്കുന്നു. മനുഷ്യനെ ഭൗതികതയിൽ നിന്നും വിടുവിക്കുന്നതിനും, തന്റെ സൃഷ്ടാവിലേക്ക് തിരിക്കുന്നതിനുമായി അത്തരം പരിഷ്കർത്താവ് ജനങ്ങളിൽ നിന്നും അനേകം ത്യാഗങ്ങൾ ദൈവത്തിന്റെ പേരിൽ ആവശ്യപ്പെടുന്നു. അദ്ദേഹം ജനങ്ങളെ ത്യാഗത്തിനായി ക്ഷണിക്കുന്നു. സ്ഥിരോത്സാഹി ആയിരിക്കുവാനും ക്ഷമാലുവായിരിക്കുവാനും ആവശ്യപ്പെടുന്നു. ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ ജീവൻ നൽകുവാൻ തയ്യാറാകുവാൻ അദ്ദേഹം ഉപദേശിക്കുന്നു. അന്ധരായ പ്രതിപക്ഷത്തിനെതിരിൽ ദൈർഘ്യമേറിയതും വേദനാജനകവുമായ പോരാട്ടത്തിനായി അദ്ദേഹം അവരെ തയ്യാറാക്കുന്നു. പീഢനങ്ങൾ ഏറ്റുവാങ്ങുവാൻ അവരെ തയ്യാറാക്കുന്നു.

യഥാർത്ഥ ദൈവീക അധ്യാപനങ്ങളെ നവീകരിക്കുന്ന ശാശ്വതമായ, സത്യമായ തത്വശാസ്ത്രം ഇതാണ്. ഇതിനെതിരിലുള്ള ഏതു തത്വശാസ്ത്രവും കാൽപനിക കഥകളാണ്. ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്, ഓരോ മുസ്ലീമും, അവൻ ഏതു വിഭാഗത്തിലായാലും ശരി, അവൻ ഏകനായ അല്ലാഹുവിൽ വിശ്വസിക്കട്ടെ, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ പ്രവാചകത്വത്തിലും വിശ്വസിക്കട്ടെ. ഓരോ മുസ്ലീമും വിശ്വസിക്കുന്നു. മാനവരക്ഷക്കായുള്ള അവസാനത്തെ മതമാണ് ഇസ്ലാമെന്ന്. വിധിനാൾ വരേക്കും മനുഷ്യന്റെ ആത്മീയ ആവശ്യങ്ങൾ പരിഹരിക്കുവാൻ കഴിയുന്ന മതമാണ് ഇസ്ലാമെന്ന് ഓരോ മുസ്ലീമും വിശ്വസിക്കുന്നു. എല്ലാ മുസ്ലീങ്ങളും വിശ്വസിക്കുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യിലൂടെ വെളിവാക്കപ്പെട്ട പരിശുദ്ധ ഖുർആൻ മാറ്റത്തിന് വിധേയമാകുന്നതല്ലായെന്ന് ! ഒരു വള്ളിക്കോ ഒരു പുള്ളിക്കോ പോലും മാറ്റം വരാവതുമല്ല. എല്ലാ വിഭാഗം മുസ്ലീങ്ങളും വിശ്വസിക്കുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ അധ്യാപനങ്ങൾ കഴിഞ്ഞ കാലത്തെപോലെ ഭൂമിയിലെ അവസാനത്തെ മനുഷ്യൻ നിലനിൽക്കുന്നിടത്തോളം

കാലം പ്രമാണയോഗ്യം തന്നെ ആയിരിക്കും എന്ന്. എല്ലാ വിഭാഗം മുസ്ലീങ്ങളും വിശ്വസിക്കുന്നു പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുമായുള്ള ബാന്ധവത്തിലൂടെ മാത്രമേ അനന്തമായ സത്യപ്രകാശത്തെ ദർശിക്കുവാൻ കഴിയുകയുള്ളൂവെന്ന്. ഈ അടിസ്ഥാന തത്വങ്ങൾ ഒന്നൊഴിയാതെ എല്ലാ മുസ്ലീങ്ങളും അംഗീകരിക്കുന്നു. അനേകം കാര്യങ്ങളിൽ ഒരുപോലെ വിശ്വാസം പുലർത്തുന്നുവെങ്കിലും അടിസ്ഥാനപരമായ ഒരു വ്യത്യാസം ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ മറ്റ് മുസ്ലീങ്ങളിൽ നിന്ന് വേർതിരിക്കുന്നു. മറ്റു മുസ്ലീങ്ങൾ പ്രവാചകത്വത്തിന്റെയും, ദൈവീക വെളിപാടുകളുടെയും വാതിലുകൾ അടച്ചുകളഞ്ഞു എന്നുള്ളതാണത്!

**വരൂ! അല്ലയോ നല്ലവരായ, സ്വാത്വികരായ, സത്യസന്ധരായ ദൈവ സൃഷ്ടികളെ ! ഈ തേജോമയമായ ലക്ഷ്യം നേടുന്നതിന് സഹായഹസ്തം നീട്ടിത്തരൂ! ദൈവീക അനുഗ്രഹങ്ങളുടെ അനന്തരാവകാശികളായിതീരൂ! അല്ലാഹു (ത) നിങ്ങൾക്ക് ആ സന്തോഷം നൽകി അനുഗ്രഹിക്കട്ടെ! ആമീൻ**


**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*